ഇതും ഗവൺമെന്റിന്റെ മുമ്പാകെ ഇരിക്കുകയാണ്. രണ്ട് വശവും പരിഗണിച്ചു കൊണ്ട് ഏറ്റവും ഉചിതമായ തീരുമാനമെടുക്കാൻ വേണ്ടി ഒരു കമ്മിറ്റിയെ ഗവൺമെന്റ് നിയോഗിച്ചുകഴിഞ്ഞിട്ടുണ്ട്. ശ്രീ. ആര്യാടൻ മുഹമ്മദ് അടക്കമുള്ളവരുടെ പരാതികൾ പരിഗണിക്കാൻവേണ്ടി പ്രിൻസിപ്പൽ സെക്രട്ടറി, വൈൽഡ് ലൈഫ് ആന്റ് ഫോറസ്റ്റ് നയിക്കുന്ന കമ്മിറ്റിയിൽ പത്ത് മെമ്പർമാരുണ്ട്. കർഷകരുടെ, വൈൽഡ് ലൈഫ് എക്സ്പെർട്ടുകളുടെയും ശാസ്ത്രജ്ഞരുടെയും കൃഷി ഡയറക്ടറുടെയുമെല്ലാം പങ്കാളിത്തമുള്ള കമ്മിറ്റിയോട് രണ്ട് മാസത്തിനകം റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. അത് കിട്ടിക്കഴിഞ്ഞാൽ ഉടനെതന്നെ ഗവൺമെന്റ് സാദ്ധ്യമായതൊക്കെ ചെയ്യുമെന്ന് ഞാൻ ഉറപ്പുനൽകുകയാണ്.

(4) പാരാമെഡിക്കൽ സ്റ്റാഫിനെയും സർജനെയും നിയമിക്കാൻ നടപടി

ശ്രീ. സി. കെ. സദാശിവൻ: സർ, കായംകുളം ഗവൺമെന്റ് ആശുപത്രിയിൽ സർജന്റെ തസ്തിക നിർത്തലാക്കിയിരിക്കുകയാണ്. അത് പുനഃസ്ഥാപിക്കാൻ അടിയന്തരനടപടി സ്വീകരിക്കണം. അതുപോലെതന്നെ പാരാമെഡിക്കൽ സ്റ്റാഫിന്റെ കുറവ് ആശുപത്രിയുടെ പ്രവർത്തനത്തെ വല്ലാത്ത രൂപത്തിൽ ബാധിച്ചിരിക്കുകയാണ്. നാഷണൽ ഹൈവേയുടെ ഓരത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രിയിൽ വാഹന അപകടത്തിലും മറ്റുംപെട്ട് അടിയന്തര ചികിത്സയ്ക്കായി നിരവധി പേർ എത്തുന്നുണ്ട്. അവർക്ക് വേണ്ടരീതിയിലുള്ള ചികിത്സ ലഭിക്കാത്തതുകൊണ്ട് മരണം പോലും സംഭവിക്കുന്നുണ്ട്. ആ ആശുപത്രിയിൽ സർജന്റെ സേവനം ലഭ്യമല്ലാത്തതുകൊണ്ട് അവിടെ വരുന്ന രോഗികൾ സ്വകാര്യ ആശുപത്രികളെ ശരണം പ്രാപിക്കുന്ന സ്ഥിതിയുമുണ്ട്. പാരാമെഡിക്കൽ സ്റ്റാഫിന്റെ കുറവും ഒരു പ്രധാന കാരണമാണ്; ഫാർമസിസ്റ്റ് തസ്തികയിൽ പകരം ഒന്നാണുള്ളത്. അറ്റൻഡർ ഗ്രേഡ് എട്ടിന് പകരം രണ്ടാണ് ഉള്ളത്. ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന പ്രശ്നമാണിത്. അതുകൊണ്ട് പാരാമെഡിക്കൽ സ്റ്റാഫിനെ അടിയന്തരമായി നിയമിക്കുകയും സർജന്റെ തസ്തിക പുനഃസ്ഥാപിക്കുകയും ചെയ്യണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. ഏഴു ഡോക്ടർമാർ മാത്രമുള്ള ആശുപത്രിയെ താലൂക്ക് ആശുപത്രിയാക്കി, 17 ഡോക്ടർമാരുടെ തസ്തിക തന്നെയുണ്ട്. ഇപ്പോൾ അവിടെ പത്ത് ഡോക്ടർമാർ വർക്ക് ചെയ്യുന്നുണ്ട്. പാരാമെഡിക്കൽ സ്റ്റാഫിന്റെ കാര്യത്തിൽ എന്താണ് വേണ്ടതെന്നുവച്ചാൽ ചെയ്യുന്നതാണ്.

(5) രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം

മി. സ്പീക്കർ.: ഈ വിഷയം സംബന്ധിച്ച് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. സി. എം. ദിനേശ് മണി: സർ, കൊച്ചി തുറമുഖം കേരളത്തിന്റെ പുരോഗതിയിലും അഭിവൃദ്ധിയിലും വഹിച്ച പങ്ക് പ്രത്യേകം എടുത്തു

LIBRARY ARCHIVES Kerala Legislative Assembly